**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1370** **07-10-2021 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് മേഖലയിലെ പ്രീപ്രൈമറി ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ സ്കൂളുകളിലെ പ്രീപ്രൈമറി ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എയ്ഡഡ് മേഖലയിലെ പ്രീപ്രൈമറി ജീവനക്കാർക്ക് ലഭിക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ മാത്രമാണ് പി.റ്റി.എ-യുടെ നിയന്ത്രണത്തിൽ പ്രീ-പ്രൈമറി ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളത്. ഇവിടുത്തെ ജീവനക്കാർക്കാണ് ഓണറേറിയം അനുവദിച്ചിട്ടുള്ളത്. എയ്ഡഡ് മേഖലയിലെ പ്രീപ്രൈമറി ജീവനക്കാർക്ക് സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി ജീവനക്കാരുടേത് പോലെ ഓണറേറിയം നൽകുന്ന വിഷയം നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനായി രൂപീകരിച്ച കമ്മറ്റിയുടെ പരിഗണനയിലാണ്. |
| (ബി) | എയ്ഡഡ് മേഖലയിലെ പ്രീപ്രൈമറി ജീവനക്കാരെ കൂടി കെ.ഇ.ആർ-ന്റെ പരിധിയിൽ ഉൾപ്പെടുത്തി സർക്കാർ സ്കൂളിലെ പ്രീപ്രൈമറി ജീവനക്കാരുടേതിന് തുല്യമായ വേതനം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ മാത്രമാണ് പി.റ്റി.എ-യുടെ നിയന്ത്രണത്തിൽ പ്രീ-പ്രൈമറി ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളത്. ഇവിടുത്തെ ജീവനക്കാർക്കാണ് ഓണറേറിയം അനുവദിച്ചിട്ടുള്ളത്. എയ്ഡഡ് മേഖലയിലെ പ്രീപ്രൈമറി ജീവനക്കാർക്ക് സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി ജീവനക്കാരുടേത് പോലെ ഓണറേറിയം നൽകുന്ന വിഷയം നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനായി രൂപീകരിച്ച കമ്മറ്റിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ